പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 306 — 15.12.2014 ൽ മറുപടിക്ക്

## ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഷാഫി പറമ്പിൽ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, കെ.ശിവദാസൻ നായർ<br>,, ലൂഡി ലൂയിസ് | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി സംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളുമായി ചർച്ചകൾ നടത്തുന്നതിനും കാമ്പസുകളിൽ വ്യാപകമായ പ്രചരണങ്ങൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; | (എ) ക്ലീൻ ക്യാംപസ് സേഫ് ക്യാംപസ് പദ്ധതി കൂടുതൽ ഫലപ്രദമായി വ്യാപിപ്പിക്കുന്നതിനും വിദ്യാർത്ഥി യുവജന സന്നദ്ധ സംഘടന പ്രതിനിധികളുമായി ചർച്ച ചെയ്യുന്നതിനും അവരുടെ പങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) സ്കൂൾ പരിസരത്ത് പുകയില , ലഹരിയുല്പന്നങ്ങൾ എന്നിവ വിൽക്കുന്ന കടകളുടെ ലൈസൻസുകൾ റദ്ദാക്കുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുമോ ; | (ബി) സ്കൂൾ, കോളേജ് ക്യാമ്പസുകളുടെ 100 മീറ്റർ ചുറ്റളവില്ലുള്ള സ്ഥലങ്ങളിൽ കഞ്ചാവ്, മയക്കുമരുന്ന്, പാൻമസാല, പുകയില ഉൽപ്പന്നങ്ങൾ, അശ്ലീല മാഗസിനുകൾ/സി.ഡി.കൾ എന്നിവയുടെ വിൽപന കർശനമായി നിരോധിക്കുകയും, റെയ്ഡുകൾ നടത്തി ഇത്തരം ഉൽപന്നങ്ങൾ പിടിച്ചെടുക്കുകയും കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരം കുറ്റകൃത്യങ്ങളിൽ നിരന്തരം പിടിക്കപ്പെടുന്നവരുടെ ലൈസൻസുകൾ റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയുമായി സഹകരിച്ച് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പ്രോത്സാഹനം നൽകുന്നതിനായി അവാർഡുകൾ നൽകുന്നതുൾപ്പെടെയുള്ള കാര്യം പരിഗണിക്കുമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല |
| (ഡി) പുകയില-ലഹരി ഉല്പന്നങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂളുകളിലും വാർത്താമാദ്ധ്യമങ്ങളിലും കൂടുതൽ പ്രചരണങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) പുകയില ലഹരി ഉൽപ്പന്നങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. റേഡിയോ ഹെൽത്ത് പ്രോഗ്രാം, എഫ്. എം. ചാനലുകൾ, വിക്ടേഴ്സ് ചാനൽ മുതലായവ മുഖേന കൂടുതൽ പ്രചരണം നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻഓഫീസർ

8